## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5011** **27.06.2019-ന് മറുപടി നൽകേണ്ടിയിരുന്നത്**

## കള്ളവോട്ട് നടന്നുവെന്ന പരാതി സംബന്ധിച്ച കേസ്

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ഇക്കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനത്ത് പൊതുവേയും പ്രത്യേകിച്ച് കാസർകോഡ്, കണ്ണൂർ ലോകസഭ മണ്ഡലങ്ങളിൽ കള്ളവോട്ട് നടന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി)<br><br><br><br><br><br>സി) | കാസർകോഡ് ലോകസഭ മണ്ഡലത്തിലെ പിലാത്തറ എ.യു.പി. സ്കൂളിലെ 19-ാം നമ്പർ ബൂത്തിൽ പഞ്ചായത്ത് അംഗവും മുൻ പഞ്ചായത്ത് അംഗവും ഉൾപ്പെടെയുള്ളവർ കള്ളവോട്ട് ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ;<br><br>അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പ് പ്രകാരം; വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഉണ്ട്. പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിയാരം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. സെക്ഷൻ 171 സി, 171 ഡി, 171 എഫ് പ്രകാരം ക്രൈം നം. 237/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |
| ഡി) | കള്ളവോട്ട് ചെയ്തവർക്കെതിരെ നവമാധ്യമങ്ങൾ വഴി പ്രചരണം നടത്തിയതിന്റെ പേരിൽ പോലീസ് ആർക്കെങ്കിലും എതിരെ കേസ് | ഡി) | കള്ളവോട്ട് ചെയ്തവർക്കെതിരെ നവമാധ്യമങ്ങൾ വഴി പ്രചരണം നടത്തിയതിന്റെ പേരിൽ കണ്ണൂർ ജില്ലയിൽ പരിയാരം പോലീസ് സ്റ്റേഷനിൽ കെ.പി. ആക്ടിലെ സെക്ഷൻ 120(0) |

| | | | |
|---|---|---|---|
| | എടുത്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ കേസെടുത്തുവെന്ന് വ്യക്തമാക്കുമോ? | | പ്രകാരവും ഐ.പി.സി. സെക്ഷൻ 509 പ്രകാരവും 5 പേർ പ്രതികളായി താഴെ പറയുന്ന 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. ക്രൈം നം. 234/19<br>2. ക്രൈം നം. 235/19<br>3. ക്രൈം നം. 236/19 |

സെക്ഷൻ ഓഫീസർ